ഉത്തരം

(എ) മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന നയത്തിൽ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാന വയോജന കൗൺസിൽ, ജില്ലാതല കൗൺസിൽ, വിവിധ വകുപ്പുകളുടെ സെക്രട്ടറിതല യോഗം തുടങ്ങിയവകൂടി ഏകോപന പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്.

മംഗല്യ സഹായ നിധി

306(1685) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗല്യ സഹായ നിധി പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി ഫണ്ട് സ്വരൂപിയ്ക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതിലേയ്ക്കായി ഏതെങ്കിലും ലോട്ടറി നടപ്പിലാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആശ്വാസ കിരണം പദ്ധതി

307(1686) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ സഹായ ധനം ലഭിക്കുന്നതിന് ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശ്വാസം കിരണം പദ്ധതി പ്രകാരമുള്ള സഹായ ധനം ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ 'ആശ്വാസ കിരണം' പദ്ധതി 2010 മേയ് മാസം മുതലാണ് ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള അവസ്ഥയിൽ കിടപ്പിലായ രോഗികളെയും തീവ്രമായ മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ഗുരുതര രോഗങ്ങളുള്ളവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുക എന്നുള്ളതാണ് 'ആശ്വാസ കിരണം' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20000-ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി. യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്ന മുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകൾ തീർപ്പാക്കുന്നതിനായി മിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20000-ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി. യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്ന മുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്.

ജവഹർ ബാലഭവൻ ജീവനക്കാരുടെ ശമ്പളം

308(1687) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജവഹർ ബാലഭവൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly